ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ

108 (3037) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ നൽകുന്ന കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇവർക്ക് പെൻഷൻ നിഷേധിച്ചത് സംബന്ധിച്ച് മൂന്നു മാസത്തിനകം തീരുമാനം പ്രഖ്യാപിക്കണമെന്ന കോടതി ഉത്തരവ് നാലുമാസമായിട്ടും പരിഗണിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ ഖാദി പ്രചാരകരുടെ പെൻഷൻ റദ്ദാക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെൻഷൻ പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ബി) കോടതിവിധി 14.5.99-ൽ ഗവൺമെന്റിൽ ലഭിച്ചു. കോടതി ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇത് കേന്ദ്ര ഗവൺമെന്റ് പെൻഷനുവേണ്ടി അംഗീകരിച്ചിട്ടില്ല എന്നതാണ് പെൻഷൻ റദ്ദു ചെയ്യാനുണ്ടായ അടിസ്ഥാന കാരണം.

ചെന്നിത്തല നീരൊഴുക്കുതോടിന്റെ പുനഃസ്ഥാപനത്തിന് നടപടി

109 (3038) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ തൃപ്പരുത്തുറ വില്ലേജിലെ ചെന്നിത്തല രണ്ടാംബ്ലോക്ക് പാടശേഖരത്തിലെ നീരൊഴുക്ക് തടസ്സപ്പെടുത്തിയവർക്കെതിരെ ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട ഒ.പി. 1228/99 കേസിൽ ആർ.ഡി.ഒ യുടെ നിർദ്ദേശം നടപ്പിലാക്കിയ പണിക്കാരുടെ നേരെ ആക്രമണം നടത്തിയവർക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കുമോ;

(ബി) ഇതോടനുബന്ധിച്ച് മാന്നാർ പോലീസ് ക്രൈം 203/99-ാം നമ്പറായി എടുത്തിട്ടുള്ള കേസ് പിൻവലിക്കാനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനും നിർദ്ദേശം നൽകുമോ;

(സി) 29.6.99-ൽ ആർ.ഡി.ഒ.യുടെ നിർദ്ദേശപ്രകാരം തുടങ്ങിവച്ച നീരൊഴുക്കുതോടിന്റെ പുനഃസ്ഥാപനത്തിന് മതിയായ പോലീസ് സംരക്ഷണം നൽകുമോ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഈ കേസും അന്വേഷണത്തിലാണ്.

(സി) ടി നീരൊഴുക്കുതോട് വെട്ടി വെള്ളമൊഴുക്ക് സുഗമമാക്കിയതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly